

10/01/2025

FRIDAY വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: Nizam S A Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 09/01/2025

1. കാർഷിക മേഖലയിൽ ചെലവ് കുറഞ്ഞ രീതിയിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സബ് മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (കാർഷിക യന്ത്രവൽക്കരണ ഉപ പദ്ധതി - SMAM). ഈ പദ്ധതിയിൻ കീഴിൽ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും, വിളവെടുപ്പാനന്തര, സംസ്കരണ, മൂല്യ വർദ്ധിത പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ നൽകി വരുന്നു. ഇതനുസരിച്ച് വ്യക്തിഗത ഗുണഭോക്താക്കൾക്ക് 40% മുതൽ 60% വരെയും കർഷകരുടെ കൂട്ടായ്മകൾ, SHG കൾ, FPO കൾ, വ്യക്തികൾ, പഞ്ചായത്തുകൾ തുടങ്ങിയവയ്ക്ക് കാർഷിക യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ (കസ്റ്റം ഹയറിംഗ് സെൻ്ററുകൾ) സ്ഥാപിക്കുന്നതിന് പദ്ധതി തുകയുടെ 40% സാമ്പത്തിക സഹായവും, യന്ത്രവൽക്കരണ തോത് കുറവായ പ്രദേശങ്ങളിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് ഫാം മെഷിനറി ബാങ്കുകൾ സ്ഥാപിക്കുന്നതിന് കർഷക ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപയുടെ പദ്ധതിക്ക് പരമാവധി 80% എന്ന നിരക്കിൽ 8 ലക്ഷം രൂപയും സാമ്പത്തിക സഹായം അനുവദിക്കുന്നു. 2024-2025 സാമ്പത്തിക വർഷത്തിലെ അപേക്ഷകൾ ഓൺലൈനായി 15/01/2025 മുതൽ http://agrimachinery.nic.in/index എന്ന വെബ് സൈറ്റ് മുഖേന നൽകാവുന്നതാണ്. പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും അപേക്ഷിക്കുന്നതിനുള്ള സഹായങ്ങൾക്കും ജില്ലകളിലെ കൃഷി അസിസ്റ്റൻ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ, ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ കൃഷി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയവുമായോ, സ്ഥലത്തെ കൃഷിഭവനുമായോ, 0471-2306748, 0477-2266084, 0495-2725354 എന്നീ ഫോൺ നമ്പറുകളിലോ, smamkerala@gmail.com എന്ന ഇ മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

2. മൃഗസംരക്ഷണ വകുപ്പിൻ്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ഫാമിൽ ജലസേചനത്തിനായി 7.5 H.P മോട്ടോർ പമ്പും, അനുബന്ധസാധനങ്ങളുടെയും വില സംബന്ധിച്ച് മുദ്ര വച്ച മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ക്വട്ടേഷനുകൾ സൂപ്രണ്ട് ജില്ലാകന്നുകാലി വളർത്തൽകേന്ദ്രം, കുടപ്പനക്കുന്ന്, തിരുവനന്തപുരം, എന്ന മേൽ വിലാസത്തിൽ അയക്കേണ്ടതും ക്വട്ടേൻ കവറിനു പുറത്ത് 7.5 HP മോട്ടോർ പമ്പ് സംബന്ധിച്ച ക്വട്ടേഷൻ 2024-25 എന്ന് രേഖപ്പെടുത്തിയിരിക്കേണ്ടതുമാണ് ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തിയതി 20/01/2025 തിയതി രാവിലെ 11 മണിവരെയാണ്. ക്വട്ടേഷൻ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ ഫാം ആഫീസിൽ നേരിട്ടോ 0471 2732962 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.

## പരിശീലന പരിപാടി

3. മലപ്പുറം ജില്ലയിലെ തവനൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൻ്റെ SCSP പദ്ധതിയുടെ ഭാഗമായി പട്ടിക ജാതി )SC) കർഷകർക്ക്കമ്പോസ്റ്റ് നിർമ്മാണവും ജൈവവളപ്രയോഗവും " എന്ന വിഷയത്തിൽ 2025 ജനുവരി 18 ന് ന്ഒരു ദിവസത്തെ സൗജന്യ പരിശീലന ക്ലാസ് സംഘടിപ്പിക്കുന്നു. മലപ്പുറം ജില്ലയിലെ തവനൂർ, കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് രാവിലെ 10 മണി മുതൽ 2.00 വരെയാണ് പരിശീലനം. പങ്കെടുക്കാൻ താല്പര്യമുള്ളവർ 2025 ജനുവരി 16-നു 3 മണിക്ക് മുൻപായി 8547193685 എന്ന നമ്പറിൽ ഫോൺ ചെയ് രജിസ്റ്റർ ചെയ്യേണ്ടതാണ് . ക്ലാസിനു വരുമ്പോൾ ആധാർ കാർഡ്, ജാതി തെളിയിക്കുന്ന രേഖ എന്നിവയുടെ പകർപ്പുകൾ ഹാജരാക്കേണ്ടതാണ്.

4. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2025 ജനുവരി മാസം 24, 25 തീയതികളിൽ **ഇറച്ചിക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കൂടുതൽ വിവരങ്ങൾക്ക് കർഷകർക്ക് പ്രവൃത്തി ദിവസങ്ങളിൽ 0471-2732918 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

5. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്തെ ക്ഷീരപരിശീലന കേന്ദ്രത്തിൽ ജനുവരി 14 മുതൽ 18 വരെ കോഴിക്കോട്, വയനാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ക്ഷീരകർഷകർക്കും സംരംഭകർക്കുമായി 'ശാസ്ത്രീയമായ പശുപരിപാലനം' എന്ന വിഷയത്തിൽ പരിശീലന പരിപാടി നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 20 രൂപ. ആധാർ കാർഡിൻ്റെയും ബാങ്ക് പാസ്സ്ബുക്കിന്റെയും പകർപ്പുകൾ പരിശീലന സമയത്ത് ഹാജരാക്കേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ദിനബത്ത, യാത്രാബത്ത എന്നിവ ലഭിക്കും. ജനുവരി 11 ന് വൈകീട്ട് 5നകം 0495-2414579 എന്ന നമ്പർ വഴിയോ നേരിട്ടോ രജിസ്റ്റർ ചെയ്യുക. പരിശീലനത്തിന് പങ്കെടുക്കുന്നതിനുള്ള അവസരം കൺഫർമേഷൻ ലഭിക്കുന്നവർക്ക് മാത്രമാണ്.

6. റബ്ബർമരങ്ങളെ ബാധിക്കുന്ന മഞ്ഞുകാലരോഗങ്ങൾ, അവയുടെ നിയന്ത്രണമാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതു സംബന്ധിച്ച ചോദ്യങ്ങൾക്ക് ഇന്ന് (2025 ജനുവരി 10 വെള്ളിയാഴ്ച) രാവിലെ പത്തു മുതൽ ഉച്ചയ്ക്ക് ഒരു മണിവരെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ഫോണിലൂടെ മറുപടി പറയും. കോൾ സെന്റർ നമ്പർ 0481-2576622.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം